നം. എ(4)/55744/2017/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം, തീയതി: 28/12/2017.

## സർക്കുലർ

വിഷയം:- പരീക്ഷാഭവൻ - പത്താംതരം തുല്യതാ പരീക്ഷ ഒക്ടോബർ 2017 - ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം - സംബന്ധിച്ച്.

സൂചന:- 07/09/2017 തീയതിയിലെ ഇ.എക്സ്./സി.ജനറൽ(4)/28272/2017/ സി.ജി.ഇ. നമ്പർ പ്രകാരമുള്ള വിജ്ഞാപനം.

**********

2017 ഒക്ടോബറിൽ നടത്തിയ പത്താംതരം തുല്യതാ പരീക്ഷയുടെ ഫലം 2017 ഡിസംബർ 23-ാം തീയതി പ്രസിദ്ധീകരിച്ചു. ഉത്തരക്കടലാസ് പുനർമൂല്യ നിർണ്ണയത്തിന് ആഗ്രഹിക്കുന്നവർ അപേക്ഷയും, പേപ്പർ ഒന്നിന് 400/- രൂപയും 05/01/2018-ന് മുൻപായി അതാത് പരീക്ഷാ കേന്ദ്രത്തിലെ ഹെഡ്മാസ്റ്റർക്ക് സമർപ്പിക്കേണ്ടതാണ്. പരീക്ഷാ കേന്ദ്രത്തിലെ ഹെഡ്മാസ്റ്റർമാർ തങ്ങളുടെ സ്കൂളിൽ ലഭിച്ച അപേക്ഷകളുടെ വിശദവിവരം പരീക്ഷാഭവന്റെ വെബ്സൈറ്റിൽ പത്താംതരം തുല്യതാ പരീക്ഷയുടെ HM login വഴി 03/01/2018 മുതൽ 09/01/2018 വരെയുള്ള ദിവസങ്ങളിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

പരീക്ഷാ കേന്ദ്രങ്ങളിൽ ഫീസിനത്തിൽ ലഭിച്ച തുക സെക്രട്ടറി, പരീക്ഷാഭവൻ എന്ന പേരിൽ തിരുവനന്തപുരത്ത് മാറാൻ കഴിയുന്ന വിധത്തിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റ് 09/01/2018-ന് മുൻപായി ബന്ധപ്പെട്ട ഹെഡ്മാസ്റ്റർമാർ പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം-12 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

സെക്രട്ടറി